**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1025** **06-10-2021 - ൽ മറുപടിയ്ക്ക്**

**കോട്ടയ്ക്കൽ മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും ശുദ്ധവും സുരക്ഷിതവുമായ ജലമാണ് പൊതുജനങ്ങളിലേക്ക് എത്തുന്നത് എന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. ഗുണനിലവാരം ഉറപ്പാക്കുന്നതിനായി താഴെ പറയുന്ന പ്രവർത്തികൾ നിലവിൽ നടപ്പിലാക്കി വരുന്നു. 1. എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ച് വരുന്നു. 2. പരിശോധന ഫലങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും, വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥർക്ക് നിരീക്ഷിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും LIMS (Laboratory Information Management System) സോഫ്റ്റ് വെയർ ഉപയോഗിച്ച് വരുന്നുണ്ട്. 3. സംസ്ഥാനത്തെ 8 ജില്ലാ ലാബുകൾ ജലജീവൻ പദ്ധതിയുടെ ഭാഗമായി ISO/IEC 17025 നിലവാരത്തിലേയ്ക്ക് ഉയർത്തി NABLഅക്രഡിറ്റേഷൻ ലഭ്യമാക്കിയിട്ടുണ്ട്. 4. സംസ്ഥാനത്തെ മുഴുവൻ കുടിവെള്ള സ്രോതസ്സുകളും വർഷത്തിൽ രണ്ടു തവണ വീതം ഫീൽഡ് ടെസ്റ്റ് കിറ്റ് (Field Test Kit) ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള നടപടികൾ കുടുംബശ്രീ യൂണിറ്റിനെ ഏർപ്പെടുത്തിയിട്ടുണ്ട് |
| (ബി) | ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയ്ക്കൽ മണ്ഡലത്തിൽ നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയ്ക്കൽ മണ്ഡലത്തിൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരുന്ന പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| പഞ്ചായത്ത് | ഭരണാനുമതി ലഭിച്ച വർഷം | ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) | 30-09-2021 വരെ നൽകിയ കുടിവെള്ള കണക്ഷനുകൾ | നിർവഹണ ഏജൻസി |
|---|---|---|---|---|---|
| എടയൂർ | 2020-21 | 6961 | 935 | 0 | കേരള വാട്ടർ അതോറിറ്റി |
| ഇരിമ്പിളിയം | 2020-21 | 4195 | 653 | 1294 | |
| മാറാക്കര | 2020-21 | 7890 | 3050 | 2044 | |
| പൊന്മള | 2020-21 | 7106 | 1079 | 1554 | |
| കുറ്റിപ്പുറം | 2020-21 | 300 | 45.07 | 35 | ജലനിധി |

സെക്ഷൻ ഓഫീസർ